തവണയാണ് വി.എം. സുധീരൻ ഞങ്ങളെ കാണാൻ വന്നത്. സമരപ്രവർത്തകർ ത്യാഗമനുഭവിക്കാൻ തയ്യാറായാൽ മാത്രമെ അത്രമൊരു സമ്മർദ്ദം അവിടെ രൂപപ്പെടുകയുള്ളൂ.

**8.** ട്രിബ്യൂണൽ യാഥാർത്ഥ്യമാകാതെ പോകുന്ന തരത്തിൽ തടസ്സങ്ങളൊന്നും നിലനിൽക്കുന്നില്ല എന്നാണ് എനിക്ക് കാണാൻ കഴിയുന്നത്. കേരളത്തിൽ തന്നെ യാഥാർത്ഥ്യമാകേണ്ട നിയമം കേന്ദ്രത്തിന്റെ അനുമതിക്കായി ഡൽഹിയിലേക്ക് അയച്ച നടപടിയിൽ പോലും കോളയുടെ സ്വാധീനമുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ബില്ലുമായി ബന്ധപ്പെട്ട എല്ലാ കേന്ദ്ര മന്ത്രിസഭകളും മറുപടി കൊടുത്തിട്ടും ആഭ്യന്തര മന്ത്രാലയം രാഷ്ട്രപതി ഒപ്പിടുന്നതിനായി ബിൽ അയയ്ച്ചുകൊടുക്കാത്തതാണ് താമസം വരുന്നതിന് കാരണം. കോർപ്പറേറ്റ് മൂലധനം ഇന്ത്യയിലേക്ക് ആവോളം ഒഴുക്കുക എന്ന നയം സ്വീകരിച്ചിരിക്കുന്ന സർക്കാറാണ് കേന്ദ്രം ഭരിക്കുന്നത് എന്നതാണ് കാലതാമസത്തിന് കാരണമാകുന്നത്. പക്ഷെ ആ രീതിയിലൊന്നും രക്ഷപെടാമെന്ന് കൊക്കക്കോള പ്രതീക്ഷിക്കേണ്ട. കുറ്റവാളിയായ കോള ശിക്ഷിക്കപ്പെടുക എന്നത് പ്രകൃതി നിയമമാണ്, എല്ലാ അതിജീവന പോരാട്ടങ്ങളുടെയും ആവശ്യകതയാണ്. അത് സംഭവിക്കുക തന്നെ ചെയ്യും.

**9.** പ്ലാച്ചിമടയ്ക്ക് പരമാവധി നീതി ലഭ്യമാക്കാൻ11 വർഷമായി നടക്കുന്ന ജനകീയ സമരത്തിന് കഴിഞ്ഞിട്ടുണ്ട്. ലോകത്തെവിടെയും നീതിക്കുവേണ്ടി അതിജീവന പോരാട്ടങ്ങൾ നടത്തുന്നവർക്ക് കരുത്ത് പകരാൻ പ്ലാച്ചിമട സമരത്തിന് കഴിഞ്ഞു. കോള പോലെയുള്ള ഒരു കോർപ്പറേറ്റിന്റെ ഹിംസയ്ക്കെതിരെ ജനകീയ സമരത്തിന് വിജയം കൈവരിക്കാനാകുമെന്ന് പ്ലാച്ചിമട തെളിയിച്ചു. സമരത്തിന്റെ ശക്തിയും ദൗർബല്യങ്ങളും വ്യക്തമായി തിരിച്ചറിഞ്ഞുകൊണ്ടുവേണം ഇനി മുന്നോട്ട് പോകേണ്ടത്.

**10.** പ്രത്യക്ഷത്തിൽ പഞ്ചായത്തീരാജ് തത്വങ്ങളെ പരിഷ്കരിക്കാനോ നിയമഭേദഗതി കൊണ്ടുവരാനോ പ്ലാച്ചിമട സമരത്തിന് കഴിഞ്ഞിട്ടില്ല. പഞ്ചായത്തുകളിൽ നിന്നും അധികാരങ്ങൾ തിരിച്ചെടുത്ത ഇ.കെ. നായനാർ സർക്കാറിന്റെ നടപടിയാണ് പ്ലാച്ചിമട പ്രശ്നത്തിനുള്ള അടിസ്ഥാന കാരണം. പഞ്ചായത്തിന്റെ തീരുമാനത്തെ വെല്ലുവിളിക്കാൻ കൊക്കക്കോളയ്ക്ക് കഴിയുന്നത് അതുകൊണ്ടാണ്. ഇപ്പോൾ സുപ്രീംകോടതിയിൽ കേസ് നിലനിൽക്കുന്നതും അതിന്റെ മേലാണ്. വിഭാവാധികാരം എന്ന ചിന്തയെ പ്രോജ്ജ്വലിപ്പിക്കാൻ പ്ലാച്ചിമട സമരത്തിന് കഴിഞ്ഞിട്ടുണ്ട്, തീർച്ചയായും അതിന് ഫലമുണ്ടാകും. ■

# കോർപ്പറേറ്റുകളോടുള്ള വിധേയത്വം

**ഡോ.പി.എസ്. പണിക്കർ**

(പ്ലാച്ചിമട ഐക്യദാർഢ്യ സമിതി)

**1.** നമ്മുടെ ഭരണ–പ്രതിപക്ഷ കക്ഷികൾക്ക് ഇച്ഛാശക്തി ഇല്ല എന്നതാണ് കോളയുടെ ദുഃസ്വാധീനങ്ങൾ വർദ്ധിക്കാൻ കാരണം. അല്ലാതെ കോളയുടെ സ്വാധീനശേഷിയുടെ വിജയമാണെന്ന് പറയാൻ കഴിയില്ല. ജനകീയ സമരത്തിന്റെ ചില പരിമിതികൾ പ്ലാച്ചിമട സമരത്തിനും ഉണ്ടെന്നുമാത്രം. കേരള നിയമസഭ പാസാക്കിയ പ്ലാച്ചിമട നഷ്ടപരിഹാര ട്രിബ്യൂണൽ ബിൽ യാഥാർത്ഥ്യമാക്കുന്നതിന് സ്പീക്കർക്കും മുഴുവൻ സഭാ അംഗങ്ങൾക്കും ബാധ്യതയുണ്ട്. എന്നാൽ അവരിപ്പോൾ അക്കാര്യത്തിൽ മനഃപൂർവ്വമായ മൗനം പാലിക്കുകയാണ്. എന്നാൽ വരും തലമുറയോട് അവർ ഉത്തരം പറയേണ്ടിവരും. നിയമസഭാ മ്യൂസിയത്തിൽ സൂക്ഷിച്ച് വയ്ക്കാനല്ല ബിൽ പാസാക്കിയിരിക്കുന്നത്.

**2.** പ്ലാച്ചിമട സമരം ദുർബലമായി എന്ന് പറയാൻ കഴിയില്ല. എല്ലാ ജനകീയ സമരങ്ങൾക്കും സംഭവിക്കുന്ന സ്വാഭാവിക ചില ഉയർച്ച താഴ്ചകൾ മാത്രമാണ് പ്ലാച്ചിമട സമരത്തിനും ഉണ്ടായിരിക്കുന്നത്. സൈലന്റ് വാലി സമരത്തിന് ശേഷം കേരളം കണ്ട ഏറ്റവും നീണ്ടുനിന്ന ജനകീയ സമരമാണ് പ്ലാച്ചിമടയിലേത് എന്ന വസ്തുത തള്ളിക്കളയാനാകില്ല.

**3.** മുൻപ് നടന്നിരുന്നത് പോലെയുള്ള ശക്തമായ സമരങ്ങൾ പ്ലാച്ചിമടയിൽ ഇന്ന് നടക്കുന്നില്ല എന്നത് വാസ്തവമാണ്. സമരത്തിന്റെ പ്രവർത്തനതോത് എല്ലാക്കാലവും ഒരുപോലെ സൂക്ഷിക്കാൻ ഐക്യദാർഢ്യ സമിതിക്ക് കഴിഞ്ഞിട്ടില്ല എന്നതാണ് വാസ്തവം. എന്നാൽ അതൊന്നും പ്ലാച്ചിമട സമരത്തിന് ക്ഷീണമായിട്ടില്ല. കമ്പനിയുടെ പിണിയാളുകൾ സമരപന്തൽ കത്തിച്ചിട്ടും പ്ലാച്ചിമട സമരപ്രവർത്തകരുടെ  വീടുകൾ അടിച്ച് തകർത്തിട്ടും അവരെ മർദ്ദിച്ചിട്ടും സമരം ശക്തമായി തിരിച്ചുവരവ് നടത്തിയിട്ടുണ്ട്.

➪ *സമർപ്പണ മനോഭാവമുള്ള യുവനേതൃത്വം മുന്നോട്ട് വരേണ്ടതുണ്ട്* ➪




**4.** സമരത്തിന് പ്ലാച്ചിമടയിലെ ഇരകളാക്കപ്പെട്ട ജനങ്ങളെ വലിയ അളവിൽ ശാക്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

**5.** ലക്ഷ്യങ്ങൾ നേടാൻ ഇതുവരെ നടന്ന സമരം മതിയാകില്ല. ഇനിയും ഏറെ ദൂരം പോകേണ്ടതുണ്ട്.

**6.** ഏറെനാളായി തുടരുന്ന സമരത്തിന് ലക്ഷ്യം നേടാൻ കഴിയുന്നില്ല എന്നതിന്റെ അനിശ്ചിതത്വം പ്രവർത്തകരെ ബാധിക്കുന്നുണ്ട്. സമരസമിതിയും ഐക്യദാർഢ്യ സമിതിയും പുനഃസംഘടിപ്പിക്കപ്പെടേണ്ടതുണ്ട്. സമർപ്പണ മനോഭാവമുള്ള യുവനേതൃത്വം മുന്നോട്ട് വരേണ്ടതുണ്ട്.

**7.** കോർപ്പറേറ്റുകളോടുള്ള രാഷ്ട്രീയ കക്ഷികളുടെ വിധേയത്വം കൊണ്ടും രാഷ്ട്രീയ കാപട്യം കൊണ്ടുമാണ് പ്ലാച്ചിമട ട്രിബ്യൂണൽ ബിൽ യാഥാർത്ഥ്യമാക്കാനുള്ള തുടർ നടപടികൾക്ക് കേരള നിയമസഭ ശ്രമിക്കാതിരിക്കുന്നത്. നിയമസഭയിലെ 141 അംഗങ്ങൾക്കും ഇതുസംബന്ധിച്ച് ഐക്യദാർഢ്യ സമിതി കത്തെഴുതിയിട്ടും ആരും ഇതുവരെ പ്രതികരിച്ചിട്ടില്ല. സ്പീക്കറും മറുപടി നൽകിയിട്ടില്ല. ഇക്കാര്യത്തിൽ പ്രമേയം പാസാക്കണമെന്ന് നിയമസഭയോട് സമരപ്രവർത്തകർ ആവശ്യപ്പെട്ടിട്ടും അവർ തയ്യാറായിട്ടില്ല.

**8.** കോർപ്പറേറ്റ് കോളയ്ക്കെതിരെ നടപടിയെടുക്കാൻ രാഷ്ട്രീയക്കാർ ഭയപ്പെടുന്നു എന്നതാണ് ട്രിബ്യൂണൽ ബില്ലുമായി ബന്ധപ്പെട്ട് ഇപ്പോൾ നിലനിൽക്കുന്ന തടസ്സം. കേന്ദ്ര സർക്കാറിന്റെയും സമാനമായ അവസ്ഥയാണ്. മൻമോഹൻസിംഗും ചിദംബരവും മൊൺടേക് സിംഗ് അലുവാലിയയും ഡോ. സി. രംഗരാജനുമെല്ലാം സ്ഥാനഭ്രഷ്ടരായെങ്കിൽ മാത്രമെ കൊക്കക്കോള ശിക്ഷിക്കപ്പെടുകയുള്ളൂ.

**9.** പലപ്പോഴും സമരപാതയിൽ വ്യതിയാനങ്ങൾ വന്നിട്ടുണ്ട്. അത് ഒഴിവാക്കേണ്ടതുണ്ട്. പരിഹരിക്കപ്പെടാത്ത ഭിന്നിപ്പുകൾ സമരത്തെ ക്ഷീണിപ്പിക്കുക മാത്രമേയുള്ളൂ.

**10.** ജനകീയ സമരങ്ങളുടെ മാതാവ് എന്നറിയപ്പെടുന്ന പ്ലാച്ചിമട സമരം തദ്ദേശീയ ജനതയ്ക്ക് വിഭവങ്ങളുടെ മേൽ അധികാരം നൽകണം എന്ന മുദ്രാവാക്യമാണ് മുന്നോട്ട് വച്ചത്. പല ജനകീയ സമരങ്ങളും പിന്നീട് അതേ മുദ്രാവാക്യം തന്നെയാണ് മുന്നോട്ട് വച്ചിട്ടുള്ളത്. കേരളത്തിൽ ഒരാളുപോലും കോള കമ്പനി തുറന്ന് പ്രവർത്തിക്കണമെന്ന് പറഞ്ഞുകൊണ്ട് മുന്നോട്ട് വരാത്തതിന് കാരണം പ്ലാച്ചിമട സമരത്തിന്റെ വിജയം തന്നെയാണ്. എല്ലാ രാഷ്ട്രീയ കക്ഷികൾക്കും പ്ലാച്ചിമട സമരത്തെ പിന്തുണയ്ക്കേണ്ട അവസ്ഥ വന്നതും ജനകീയ സമരം കൈവരിച്ച വിജയമായി കരുതേണ്ടതാണ്. ലോകമെമ്പാടുമുള്ള പരിസ്ഥിതി പ്രവർത്തകരുടെ മക്കയായി മാറിയിരിക്കുകയാണ് പ്ലാച്ചിമട സമരം. ■